LIBRARY ARCHIVES Kerala Legislative Assembly

## റാന്നി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ നടക്കുന്ന നിർമ്മാണങ്ങൾ

258(3144) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ നടക്കുന്ന നിർമ്മാണങ്ങൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും പുരോഗതി വിശദാംശങ്ങൾ സഹിതം ലഭ്യമാക്കാമോ;

(ബി) ഏതൊക്കെ പ്രവൃത്തികളാണ് ഇപ്പോൾ നിർത്തിവെച്ചിട്ടുള്ളത്; ആയതിന്റെ കാരണം വ്യക്തമാക്കുമോ; പ്രവൃത്തി പുനരാരംഭിയ്ക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഓരോന്നും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

### ഉത്തരം

(എ) റാന്നി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ നടക്കുന്ന നിർമ്മാണങ്ങളുടെയും അവയുടെ പുരോഗതിയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 1. റാന്നി താലൂക്ക് ആശുപത്രിയിൽ സിവിൽ വർക്ക് പൂർത്തിയായി. ലിഫ്റ്റിന്റെ പണി പൂർത്തിയായിട്ടില്ല. കരാറുകാരന്റെ വിസമ്മതംമൂലം നിർത്തിവച്ചിരുന്ന പണി ഇപ്പോൾ പുനരാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

2. റാന്നി താലൂക്ക് ആശുപത്രി മോർച്ചറി നിർമ്മാണം, ജനറേറ്റർ റൂമിലേക്കുള്ളവഴി ലഭിക്കാത്തതുമൂലം പണി നിർത്തി വച്ചിരിക്കുകയാണ്.

## തങ്കളം-കോയിപ്പള്ളി ബൈപ്പാസ് നിർമ്മാണം

259(3145) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം തങ്കളം-കോയിപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിന്റെ കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) 2.5 കോടി രൂപ അനുവദിച്ചിട്ടും ഇതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.